# നോർക്ക ന്യൂസ്

ന്യൂസ് ലെറ്റർ

Follow us on

Government of Kerala

NORKA ROOTS
A Government of Kerala Undertaking
എന്നും പ്രവാസികൾക്കൊപ്പം

സെപ്റ്റംബർ 2023 • വാല്യം 01 • ലക്കം 09




## നോർക്കയുമായി സഹകരിക്കാൻ സന്നദ്ധത അറിയിച്ച് ഒ.ഇ.ടി പ്രതിനിധിസംഘം

ഉന്നത നിലവാരത്തിലും കുറഞ്ഞ ചെലവിലും കേരളത്തിൽ ഒ.ഇ.ടി. പഠനം സാധ്യമാക്കുന്നതിന് നോർക്ക റൂട്ട്സുമായി സഹകരിക്കാനും സഹായങ്ങൾ നൽകാനും തയ്യാറാണെന്ന് ഒ.ഇ ടി (Occupational English Test) പ്രതിനിധിസംഘം വ്യക്തമാക്കി. ഇക്കാര്യത്തിനായി ധാരണാപത്രം  ഒപ്പിടുന്നതുസംബന്ധിച്ച് പരിശോധിക്കുമെന്നും പ്രതിനിധികൾ അറിയിച്ചു.

ഒ.ഇ ടി

പ്രതിനിധികൾ നോർക്ക റൂട്ട്സ് ആസ്ഥാനം സന്ദർശിച്ച ശേഷമാണ് ഇക്കാര്യം അറിയിച്ചത്.

ഒ.ഇ.ടി ചീഫ് കൊമേഴ്ഷ്യൽ ഓഫീസർ ആഡം ഫിലിപ്സ്, റീജിയണൽ ഡയറക്ടർ ടോം.കീനാൻ, ദക്ഷിണേഷ്യാ റീജിയണൽ മാനേജർ ആഷിഷ് ഭൂഷൺ എന്നിവരുൾപ്പട്ട സംഘമാണ് എത്തിയത്.

നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ, സി.ഇ.ഒ ഹരികൃഷ്ണൻ നമ്പൂതിരി എന്നിവരുമായി സംഘം കൂടിക്കാഴ്ച നടത്തി.

നോർക്ക പുതുതായി ആരംഭിച്ച നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജിന് (NIFL) എല്ലാ സഹായങ്ങളും ലഭ്യമാക്കുമെന്നും സംഘം അറിയിച്ചു. ഇതിനോടൊപ്പം ഓസ്ട്രേലിയയിൽ ആരോഗ്യമേഖലയിൽ നോർക്ക റൂട്ട്സ് മുഖേന റിക്രൂട്ട്മെന്റ് സാധ്യമാക്കുന്നതിന് സർക്കാറുമായി കൂടിയാലോചന നടത്താൻ മുൻകൈയെടുക്കാമെന്നും O.E.T പ്രതിനിധിസംഘം കൂടിക്കാഴ്ചയിൽ ഉറപ്പ് നൽകി. ആരോഗ്യമേഖലയിലെ പ്രൊഫഷണലുകളുടെ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം തെളിയിക്കുന്ന പരീക്ഷയാണ് O.E.T.

നോർക്ക ജനറൽ മാനേജർ അജിത്ത് കോളശ്ശേരി, പി.ആർ .ഒ . ഡോ. അഞ്ചൽ കൃഷ്ണകുമാർ , റിക്രൂട്ട്മെന്റ് മാനേജർ ശ്യം. ടി.കെ, എൻ.ഐ.എഫ്.എൽ പ്രതിനിധികൾ എന്നിവരും കൂടിക്കാഴ്ച്ചയിൽ സംബന്ധിച്ചു.

## എൻ.ഡി.പി.ആർ.ഇ.എം
## 0ജഉഇട വഴിയുള്ള പ്രവാസി സംരംഭക വായ്പകൾ കൈമാറി

നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ്  (എൻ.ഡി.പി.ആർ.ഇ.എം) പദ്ധതിയുടെ ഭാഗമായി ട്രാവൻകൂർ പ്രവാസി ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (TPDCS)  വഴി ലഭ്യമായ പ്രവാസിസംരംഭക വായ്പകൾ കൈമാറി. തിരുവനന്തപുരം നോർക്ക സെന്ററിൽ നടന്ന ചടങ്ങ് സി.ഇ.ഒ ഹരികൃഷ്ണൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു. സംരംഭകർക്കുള്ള വായ്പകളുടെ ചെക്കും അദ്ദേഹം കൈമാറി. 2013 ൽ നിതാഖത്ത് കാലത്ത് തുടക്കമിട്ട എൻ.ഡി.പി.ആർ.ഇ.എം പദ്ധതി 10 വർഷം പൂർത്തിയാക്കുന്ന ദിവസം കൂടിയാണിതെന്ന് ഹരികൃഷ്ണൻ നമ്പൂതിരി പറഞ്ഞു.

എൻ.ഡി.പി.ആർ.ഇ.എം വഴി ഇതുവരെ 6000 ത്തോളം സംരംഭങ്ങൾ യാഥാർത്ഥ്യമായതോടൊപ്പം 30, 000 ത്തോളം പേർക്ക് തൊഴിൽ നൽകുവാനും സാധിച്ചു എന്നതാണ് വലിയ നേട്ടമെന്ന് പദ്ധതി വിശദീകരിച്ച് ജനറൽ മാനേജർ അജിത്ത് കോളശ്ശേരി അഭിപ്രായപ്പെട്ടു. തൊഴിലന്വേഷകരിൽ നിന്നും തൊഴിൽദാതാക്കളായി തിരിച്ചെത്തിയ പ്രവാസികളെ മാറ്റാൻ പദ്ധതിവഴി സാധ്യമായെന്നും അദ്ദേഹം പറഞ്ഞു.

TPDCS വഴി ആകെ 22 പ്രവാസിസംരംഭകർക്കാണ് വായ്പ അനുമതിയായത്. ഇവരിൽ നടപടിക്രമങ്ങൾ പൂർത്തിയായ ഏഴുപേർക്കാണ് ഇന്ന് വായ്പ വിതരണം ചെയ്തത്. 1.മുഹമ്മദ് ഷിലിൻ (സാനിറ്ററി സാധനങ്ങളുടെ വിതരണം), 2.ദീപു എസ് (ബേക്കറി), 3.ലാലുകുമാർ എസ് (ബേക്കറി), 4.സംഗീത് (ഫാം), 5.ബിജി ചന്ദ്രൻ (ഫാൻസി സ്റ്റോർ), 6.ബാബു (വാഹനം), 7.സതീഷ് കുമാർ ( സ്റ്റുഡിയോ) എന്നിവർക്കാണ് വായ്പാചെക്കുകൾ കൈമാറിയത്.ബാക്കിയുള്ളവർക്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കി വായ്പ കൈമാറും. ചടങ്ങിൽ TPDCS പ്രസിഡന്റ് കെ.സി. സജീവ് തൈക്കാട് സ്വാഗതം പറഞ്ഞു. സഹകരണ വകുപ്പ് തിരുവനന്തപുരം ജില്ലാ ജോയിന്റ് രജിസ്ട്രാർ ഇ.നിസ്സാമുദ്ദീൻ അധ്യക്ഷത വഹിച്ചു. നോർക്ക റൂട്ട്സ് പ്രൊജക്ട്സ് മാനേജർ എസ്.സുഷമാഭായി ആശംസയും അറിയിച്ചു. TPDCS പ്രതിനിധികളും പ്രവാസിസംരംഭകരും ചടങ്ങിൽ സംബന്ധിച്ചു.

തിരിച്ചെത്തുന്ന പ്രവാസികൾക്ക് സംസ്ഥാനത്ത് ബിസ്സിനസ്സ്, സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരു ലക്ഷം രൂപ മുതൽ മുപ്പത് ലക്ഷം രൂപ വരെയുള്ള വായ്പകൾക്കാണ് എൻ.ഡി.പി.ആർ.ഇ.എം  പദ്ധതി വഴി അവസരമുള്ളത്. കൃത്യമായ വായ്പാ തിരിച്ചടവിന് 15% മൂലധന സബ്സിഡിയും (പരമാവധി മൂന്ന് ലക്ഷം രൂപ വരെ) മൂന്ന് ശതമാനം പലിശ സബ്സിഡിയും ലഭിക്കും.



# 'ഇന്ത്യയെ അറിയാൻ' സംഘം കേരളത്തിൽ: നേതൃത്വം നൽകി നോർക്ക റൂട്ട്സ്

'കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ ഇന്ത്യയെ അറിയുക (Know India Programme-KIP) പരിപാടിയുടെ 66 - മത് എഡിഷന്റെ ഭാഗമായുള്ള 60 അംഗ ഇന്ത്യൻ വംശജരായ പ്രവാസി വിദ്യാർത്ഥികളും യുവാക്കളും ഉൾപ്പെടുന്ന സംഘം കേരളത്തിലെത്തി സന്ദർശനംനടത്തി.സംസ്ഥാന സർക്കാരിനു വേണ്ടി നോർക്ക റൂട്ട്സിന്റെ നേതൃത്തിലാണ് സന്ദർശന പരിപാടി ആസൂതണം ചെയ്തത്.

ആഗസ്റ്റ് 6 ന് വൈകിട്ട് കൊച്ചി രാജ്യാന്തര വിമാനത്താവളത്തിലെത്തിയ സംഘത്തെ സ്റ്റേറ്റ് പ്രോഗ്രാം കോർഡിനേറ്ററും നോർക്ക റൂട്ട്സ് പി.ആർ.ഒ യുമായ ഡോ.അഞ്ചൽ കൃഷ്ണകുമാറിന്റെ നേതൃത്വത്തിലുള്ള സംഘം സ്വീകരിച്ചു.

കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ ഇന്ത്യയെ അറിയുക പരിപാടിയുടെ ഭാഗമായിട്ടായിരുന്നു വിദേശരാജ്യങ്ങളിലെ ഇന്ത്യൻ വംശജരായ പ്രവാസി യുവാക്കളും വിദ്യാർത്ഥികളും ഓരാഴ്ച കേരളത്തിൽ സന്ദർശനം നടത്തിയത്.

ഫിജി, ഗയാന, മലേഷ്യ, ഫ്രാൻസ്, ഇസ്രായേൽ, സൗത്ത് ആഫ്രിക്ക, ജമൈക്ക, കെനിയ, മൗറീഷ്യസ്, മ്യാൻമാർ,ന്യൂസിലാന്റ്, സറിനെയിം, ട്രിനിഡാഡ് ആന്റ് ടുബാഗോ, സിംബാംബേ, ബെൽജിയം, ന്യൂസിലാന്റ് എന്നീ രാജ്യങ്ങളിൽ നിന്നുള്ള യുവതീയുവാക്കളാണ് ഇക്കുറി കേരളത്തിലെത്തിയത്.

കൊച്ചിൻ കപ്പൽശാല, മുസ്സിരിസ്സ് പദ്ധതിയുടെ ഭാഗമായ ചരിത്രഇടങ്ങൾ, കൊച്ചിൻ വാട്ടർ മെട്രൊ,കേരള കലാമണ്ഡലം, കുമരകം പക്ഷിസങ്കേതം എന്നിവിടങ്ങളുംമറ്റ് സാമൂഹിക- രാഷ്ട്രീയ പ്രാധാന്യമുള്ള സ്ഥലങ്ങളും സന്ദർശനത്തിന്റെ ഭാഗമായി. എറണാകുളം പിറവത്തെ ചിന്മയ വിശ്വവിദ്യാപീഠം കല്പിത സർവ്വകലാശാലയിൽ സന്ദർശനസംഘത്തിനായി പ്രത്യേക ഓണാഘോഷപരിപാടികളും സംഘടിപ്പിച്ചിരുന്നു.

ആഗസ്റ്റ് 13 ന് ആലപ്പുഴയിൽ നടന്ന നെഹ്റു ട്രോഫി വള്ളം കളി ആസ്വദിക്കുന്നതിനായി പ്രത്യേക സജ്ജീകരണങ്ങളും സംഘത്തിനായി ഒരുക്കിയിരുന്നു. ഇന്ത്യൻ വംശജരായ പ്രവാസി യുവാക്കൾക്കും വിദ്യാർത്ഥികൾമായി നടത്തുന്ന മൂന്നാഴ്ചത്തെ ഓറിയന്റേഷൻ പ്രോഗ്രാമാണ് നോ ഇന്ത്യാ പ്രോഗ്രാം(KIP). ഇന്ത്യയിലെ ജീവിതത്തിന്റെ വിവിധ മുഖങ്ങളെയും വിവിധ മേഖലകളിൽ രാജ്യം കൈവരിച്ച പുരോഗതിയെയും കുറിച്ചുള്ള അവബോധം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. സാമ്പത്തികം, വ്യാവസായികം, വിദ്യാഭ്യാസം, ശാസ്ത്രം & സാങ്കേതികവിദ്യ, ആശയവിനിമയം & വിവര സാങ്കേതിക വിദ്യ എന്നീ രംഗങ്ങളിൽ രാജ്യം കൈവരിച്ച പുരോഗതി പ്രവാസി യുവാക്കൾ യാത്രയിലൂടെ നേരിട്ടറിഞ്ഞു.

ഇന്ത്യൻ വംശജരായ വിദ്യാർത്ഥികൾക്കും യുവ പ്രൊഫഷണലുകൾക്കും ഇന്ത്യ സന്ദർശിക്കാനും അവരുടെ കാഴ്ചപ്പാടുകളും പ്രതീക്ഷകളും അനുഭവങ്ങളും പങ്കുവെക്കാനും സമകാലിക ഇന്ത്യയുമായി അടുത്ത ബന്ധം വളർത്തിയെടുക്കാനും പരിപാടി അവസരമൊരുക്കി.ഓഗസ്റ്റ് 13 ന് എറണാകുളത്ത് നടന്ന ചടങ്ങിൽ ഹൃദ്യമായ യാത്രയയപ്പ് നൽകി. നോർക്ക റൂട്ട്സ് ജനറൽ മാനേജർ അജിത്ത് കോളശ്ശേരി മുഖ്യാതിഥിയായി. യാത്രാ സംഘത്തിനും സംഘാടകർക്കുമുള്ള ഉപഹാരങ്ങളും അജിത്ത് കോളശ്ശേരി സമ്മാനിച്ചു. ചടങ്ങിൽ സംഘം യാത്രാനുഭവങ്ങളും പങ്കുവച്ചു.

പരിപാടിയുടെ സ്റ്റേറ്റ് കോർഡിനേറ്റർ ഡോ.അഞ്ചൽ കൃഷ്ണകുമാർ സ്വാഗതവും കേന്ദ്ര വിദേശകാര്യ മന്ത്രാലയ പ്രതിനിധി അമർദീപ് കുമാർ ബൻവാൾ ചടങ്ങിൽ നന്ദിയും അറിയിച്ചു. കേരളസന്ദർശനം പൂർത്തിയാക്കിയ സംഘം രാത്രി 07 ന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും ഡൽഹിയിലേയ്ക്ക് തിരിച്ചു.

കേന്ദ്ര വിദേശകാര്യ മന്ത്രാലയം ഡയസ്പോറ കൺസൽട്ടന്റ് പൂജ, ടൂർ കോ-ഓർഡിനേറ്റർമാരായ ശാലിനി ശർമ, മുഹമ്മദ് ദാവൂദ്, നോർക്ക റൂട്ട്സ് ഫിനാൻസ് മാനേജർ വി. ദേവരാജൻ,അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ലതീഷ് ശശിധരൻ, എറണാകുളം സെന്റർ മാനേജർ രജീഷ്, അസി. കോർഡിനേറ്റർ ശ്രീകാന്ത്.ജി, ജയകുമാർ, വൈശാഖ്, മനോജ്,ഷിജി, മഞ്ജു, കവിപ്രിയ, ഷീബ എന്നിവരും യാത്രയെ അനുഗമിച്ചു.

# വിദേശകാര്യ മന്ത്രാലയ പ്രതിനിധി സംഘം നോർക്ക സെന്റർ സന്ദർശിച്ചു



കേന്ദ്രവിദേശകാര്യ മന്ത്രാലയ പ്രതിനിധി സംഘം നോർക്ക റൂട്ട്സ് ആസ്ഥാനമായ തിരുവനന്തപുരം നോർക്ക സെന്റർ സന്ദർശിച്ചു. പ്രവാസികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ, തൊഴിൽ നൈപുണ്യവികസനം, പരിശീലനം, സുരക്ഷിതവും നിയമപരവുമായ കുടിയേറ്റം സംബന്ധിച്ച കാര്യങ്ങൾ എന്നിവ ചർച്ചചെയ്യുന്നതിന്റെ ഭാഗമായിട്ടായിരുന്നു സന്ദർശനം. കോൺസുലർ, പാസ്പോർട്ട് & വിസ, പ്രവാസികാര്യ വിഭാഗം (CPV & OIA) സെക്രട്ടറി ഡോ. ഔസാഫ് സയീദിന്റെ നേതൃത്വത്തിലെത്തിയ സംഘം നോർക്ക റൂട്ട്സ് സി.ഇ.ഒ കെ. ഹരികൃഷ്ണൻ നമ്പൂതിരിയുമായി കൂടിക്കാഴ്ച നടത്തി. തുടർന്ന് നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ലയുമായും സംഘം ചർച്ച നടത്തി.

നോർക്ക റൂട്ട്സ് വഴി സംസ്ഥാനസർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പ്രവാസിക്ഷേമ, പുനരധിവാസ പദ്ധതികൾ, ഇടപെടലുകൾ, സുരക്ഷിതമായ വിദേശ തൊഴിൽ കുടിയേറ്റത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ, വിവിധ വിദേശ രാജ്യങ്ങളിലേയ്ക്കുള്ള റിക്രൂട്ട്മെന്റുകൾ, നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജ്, വിവിധ തൊഴിൽ നൈപുണ്യ പരിശീലന പരിപാടികൾ വിദേശത്തുനിന്നും നാട്ടിൽ തിരികെയെത്തുന്നവർക്ക് സംസ്ഥാനത്തുതന്നെ തൊഴിൽ ഉറപ്പാക്കുന്ന പദ്ധതി, വിദേശത്തേയ്ക്ക് തൊഴിലിനായി പോകുന്നവർക്കുള്ള ശുഭയാത്രാ പദ്ധതി എന്നിവ ഹരികൃഷ്ണൻ നമ്പൂതിരി സംഘത്തോട് വിശദീകരിച്ചു. വിദേശരാജ്യത്ത് വീട്ടുജോലികൾക്കുൾപ്പെടെ പോകുന്നവരുടെ (എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമുള്ളവ) സുരക്ഷ ഉറപ്പാക്കാനുള്ള നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങളും ചർച്ച ചെയ്തു.

പാസ്പോർട്ട് സേവാ പ്രോഗ്രാം (PSP) & സെൻട്രൽ പാസ്പോർട്ട് ഓർഗനൈസേഷൻ (PSP &CPO) ജോയിന്റ് സെക്രട്ടറി ടി.ആംസ്ട്രോങ് ചാങ്സെൻ, പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രന്റ്സ് ജോയിന്റ് സെക്രട്ടറി (OE&PGE) ബ്രഹ്മകുമാർ , റീജിയണൽ പാസ്സ്പോർട്ട് ഓഫീസർ ജീവ മരിയാ ജോയ്, പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസ്-തിരുവനന്തപുരം മേധാവി ശ്യാംചന്ദ്. സി, നോർക്ക റൂട്ടസ് റിക്രൂട്ട്മെന്റ് മാനേജർ ശ്യം. ടി.കെ എന്നിവരും കൂടിക്കാഴ്ചയിൽ സംബന്ധിച്ചു.

നോർക്ക സെന്ററിൽ പ്രവർത്തിക്കുന്ന കേന്ദ്രവിദേശകാര്യ മന്ത്രാലയത്തിനു കീഴിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസ്-തിരുവനന്തപുരം ഓഫീസും സംഘം സന്ദർശിച്ചു.



## നോർക്ക- യു.കെ കരിയർ ഫെയർ : ആദ്യബാച്ച് വെയിൽസിലെത്തി

നോർക്ക റൂട്ട്സ് യുണൈറ്റഡ് കിംങ്ഡമിലെയും വെയിൽസിലേയും വിവിധ NHS ട്രസ്റ്റുകളിലേയ്ക്ക് ഇക്കഴിഞ്ഞ മെയ് മാസം സംഘടിപ്പിച്ച കരിയർ ഫെയറിൽ തിരഞ്ഞെടുക്കപ്പെട്ട നാലു നഴ്സുമാർ വെയിൽസിലെത്തി. ആദ്യ ബാച്ചിൽ തിരഞ്ഞെടുക്കപ്പെട്ട അഭിലാഷ് ടി. മുരളീധരൻ, ലീനു. കെ.ജോസ്, ലിസ്സി ചാക്കോ, അനിതാ ജോസഫ് എന്നിവരാണ് എത്തിയത്. ഇതാദ്യമായാണ് യു.കെ-വെയിൽസ് ഗവൺമെന്റ് ഇന്ത്യയിലെ സംസ്ഥാനസർക്കാർ ഏജൻസിയുമായി സഹകരിച്ച് റിക്രൂട്ട്മെന്റ് സംഘടിപ്പിച്ചത്. വെയിൽസിലെ ഗവൺമെന്റുമായി ചേർന്ന് വിവിധ NHS ട്രസ്റ്റുകളിലേയ്ക്ക് ജൂലൈ മാസത്തിലും ഓൺലൈനായി റിക്രൂട്ട്മെന്റ് സംഘടിപ്പിച്ചിരുന്നു

# സാന്ത്വന പദ്ധതി : ആദാലത്ത് സംഘടിപ്പിച്ചു



നോർക്ക റൂട്ട്സ് സാന്ത്വന പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ചെങ്ങന്നൂർ, മാവേലിക്കര താലൂക്ക് തല അദാലത്തിൽ 75 പേർ പങ്കെടുത്തു. മാവേലിക്കര മുൻസിപ്പൽ ടൗൺ ഹാളിലായിരുന്നു അദാലത്ത്. അപേക്ഷകളിൽ തുടർനടപടികൾക്കുശേഷം അർഹരായവർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതാണ്.

പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിലെത്തിയവർക്കു വേണ്ടി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കി വരുന്ന ദുരിതാശ്വാസ ധനസഹായ പദ്ധതിയാണ് 'സാന്ത്വന'. ചികിത്സാ സഹായം, മകളുടെ വിവാഹത്തിന് ധനസഹായം, മരണപ്പെട്ട പ്രവാസിയുടെ ആശ്രിതർക്കുള്ള ധനസഹായം എന്നിവ പദ്ധതി പ്രകാരം ലഭിക്കും. നോർക്ക റൂട്ട്സ് സാന്ത്വന പദ്ധതി വഴിയുള്ള ആനുകൂല്യങ്ങൾക്കായി നോർക്ക റൂട്ട്സ് ഓഫീസുകൾ മുഖേനയോ, ഔദ്യോഗിക വെബ്ബ്സൈറ്റായ www.norkaroots.org വഴിയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## കേന്ദ്ര വിദേശകാര്യ മന്ത്രാലയ അഡീഷണൽ സെക്രട്ടറി നോർക്ക റൂട്ട്സ് എറണാകുളം മേഖലാ ഓഫീസ് സന്ദർശിച്ചു



കേന്ദ്ര വിദേശകാര്യ മന്ത്രാലയ അഡീഷണൽ സെക്രട്ടറി മനികാ ജെയിൻ ഐ.എഫ്.എസ് നോർക്ക റൂട്ട്സ് എറണാകുളം മേഖലാ ഓഫീസ് സന്ദർശിച്ചു. പ്രവാസി കേരളീയരുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളും സേവനങ്ങളും സംബന്ധിച്ചും നോർക്കറൂട്ട്സ് വഴി നടപ്പിലാക്കിവരുന്ന കാര്യങ്ങൾ കൂടിക്കാഴ്ചയിൽ നോർക്ക റൂട്ട്സ് സി.ഇ.ഒ കെ. ഹരികൃഷ്ണൻ നമ്പൂതിരി വിശദീകരിച്ചു.

ഇക്കാര്യത്തിൽ കേന്ദ്രസർക്കാറുമായി ബന്ധപ്പെട്ട് പ്രവാസികൾക്കുള്ള വിവിധ സേവനങ്ങളും സഹായങ്ങളും അവശ്യമായ ഇടപെടലുകൾ സംബന്ധിച്ചും കൂടിക്കാഴ്ചയിൽ ചർച്ച ചെയ്തു. ഇക്കാര്യത്തിൽ സാധ്യമായ എല്ലാ സഹായങ്ങളും മനികാ ജെയിൻ ഉറപ്പുനൽകിയതായി കെ.ഹരികൃഷ്ണൻ നമ്പൂതിരി അറിയിച്ചു.

അഡീഷണൽ സെക്രട്ടറി പ്രദീപ്. കെ.ആർ, ഡെപ്യൂട്ടി സെക്രട്ടറി മേഴ്സി ഗബ്രിയേൽ, നോർക്ക റൂട്ട്സ് എറണാകുളം സെന്റർ മാനേജർ രജീഷ്.കെ.ആർ എന്നിവരും കൂടിക്കാഴ്ചയിൽ സംബന്ധിച്ചു.

## നോർക്ക റൂട്ട്സിൽ ഓണാഘോഷം സംഘടിപ്പിച്ചു

നോർക്ക റൂട്ട്സിസിൽ ജീവനക്കാരുടെ നേതൃത്വത്തി ഓണാഘോഷം സംഘടിപ്പിച്ചു. അത്തപൂക്കളവും ഓണസദ്യയും ഒരുക്കിയാണ് ജീവനക്കാർ പൊന്നോണത്തെ വരവേറ്റത്. തൈക്കാട് നോർക്ക സെന്ററിൽ നടന്ന ആഘോഷച്ചടങ്ങ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. എവർക്കും അദ്ദേഹം ഓണാശംസകളും നേർന്നു.

നോർക്ക റൂട്ട്സ് സി.ഇ.ഒ കെ. ഹരികൃഷ്ണൻ നമ്പൂതിരി, ജനറൽ മാനേജർ അജിത്ത് കോളശ്ശേരി,പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസ്-തിരുവനന്തപുരം ശ്യംചന്ദ്.സി, നോർക്ക റൂട്ട്സ് ജീവനക്കാർ എന്നിവർ ആഘോഷങ്ങളുടെ ഭാഗമായി.






## തമിഴ്നാട് പ്രതിനിധി സംഘം നോർക്ക സെന്റർ സന്ദർശിച്ചു

തമിഴ്നാട് സർക്കാർ പ്രതിനിധികൾ നോർക്ക സെന്റർ സന്ദർശിച്ചു. ചെന്നൈ നോർത്തിൽ നിന്നുള്ള ലോകസഭാംഗം ഡോ. കലാനിധി വീരസ്വാമിയുടെ നേതൃത്വത്തിലെത്തിയ സംഘത്തിൽ തമിഴ്നാട് പ്രവാസി ക്ഷേമ, പുനരധിവാസ കമ്മീഷണറേറ്റ് കമ്മീഷണർ ജസിന്ദ ലസ്സൂറസ് ഐ.എ.എസ്, കമ്മീഷണറേറ്റ് പ്രതിനിധികളായ കെ.രമേഷ്, എസ്.അശോക് കുമാർ എന്നിവർ ഉണ്ടായിരുന്നു. നോർക്ക സെന്ററിലെത്തിയ സംഘത്തെ സി.ഇ.ഓ ഹരികൃഷ്ണൻ നമ്പൂതിരി, ജനറൽ മാനേജർ അജിത്ത് കോളശ്ശേരി എന്നിവർ ചേർന്ന് സ്വീകരിച്ചു. നോർക്ക വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറി സുമൻ ബില്ലയുമായും സംഘം കൂടിക്കാഴ്ച നടത്തി.

രണ്ടര പതിറ്റാണ്ടോളമായി നോർക്ക വകുപ്പ് വഴിയും നോർക്ക റൂട്ട്സ് വഴിയും പ്രവാസികളുമായി ബന്ധപ്പെടുന്നതിന്റെ അനുഭവങ്ങൾ തമിഴ്നാട് സംഘവുമായി പങ്കുവച്ചു. സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കിവരുന്ന വിവിധ ക്ഷേമ, പുനരധിവാസ പെൻഷൻ പദ്ധതികൾ, ലോകത്തെ 170 രാജ്യങ്ങളിലായുള്ള മലയാളി പ്രവാസിയെ കേരളവുമായി ബന്ധിപ്പിക്കുന്ന നോർക്ക പ്രവാസി ഐ.ഡി കാർഡ്, കേരളീയ പ്രവാസികളുടെ കൂട്ടായ്മയായ ലോകകേരള സഭ, സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷനായുള്ള വിപുലമായ സംവിധാനങ്ങൾ, ലോകത്തെമ്പാടുമുള്ള കേരളീയ പ്രവാസികൾക്ക് ഏതു സമയവും ബന്ധപ്പെടുന്നതിനായുള്ള ഗ്ലോബൽ കോൺടാക്ട് സെന്റർ തുടങ്ങിയ കാര്യങ്ങൾ ഹരികൃഷ്ണൻ നമ്പൂതിരി വിശദീകരിച്ചു. നോർക്ക റൂട്ട്സിനു സമാനമായി തമിഴ് പ്രവാസികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളും സംവിധാനങ്ങളും ഒരുക്കുന്നതിന്റെ മുന്നോടിയായിട്ടാണ് പഠനസംഘം എത്തിയത്.

## സംരംഭകത്വ പരിശീലന പരിപാടികൾക്ക് മലപ്പുറത്ത് തുടക്കമായി

നോർക്ക ബിസ്സിനസ്സ് ഫെസിലിറ്റേഷൻ സെന്ററിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്ന സൗജന്യ സംരംഭകത്വ പരിശീലനത്തിന്റെ 2023 -24 വർഷത്തെ പ്രോഗ്രാമുകളുടെ സംസ്ഥാനതല ഉദ്ഘാടനം മലപ്പുറം പെരിന്തൽമണ്ണ നോർക്ക റൂട്ട്സ് ജനറൽ മാനേജർ അജിത്ത് കോളശ്ശേരി നിർവ്വഹിച്ചു. KIED സി.ഇ.ഒ ബെനഡിക്ട് വില്യം ജോൺസ് അധ്യക്ഷത വഹിച്ച യോഗത്തിൽ മാനേജർ സുരേഷ് .കെ.വി സ്വാഗതവും , നോർക്ക റൂട്ട്സ് കോഴിക്കോട് സെന്റർ മാനേജർ സി. രവീന്ദ്രൻ കൃതജ്ഞതയും പറഞ്ഞു.

തുടർന്ന് നടന്ന പരിശീലന പരിപാടിയിൽ തിരഞ്ഞെടുക്കപ്പെട്ട 95 പ്രവാസി സംരംഭകർ പങ്കെടുത്തു. നോർക്ക റൂട്ട്സ്, വ്യവസായ വകുപ്പ്, മറ്റ് ധനകാര്യസ്ഥാപനങ്ങൾ, വകുപ്പുകൾ എന്നിവ വഴി നടപ്പിലാക്കുന്ന വിവിധ സംരംഭക സഹായ പദ്ധതികൾ , വ്യവസായ സംരംഭത്തിനാവശ്യമായ വിവിധതരം ലൈസൻസുകൾ, ജി.എസ്.ടി ,വിവിധ ബാങ്കുകൾ മറ്റുള്ള ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന സംരംഭക വായ്പകൾ എന്നിവ സംബന്ധിച്ച് പരിശീലനവും പൊതു സംശയങ്ങൾക്കുള്ള മറുപടിയും പരിശീലനത്തിന്റെ ഭാഗമായി നൽകി. നടപ്പു സാമ്പത്തിക വർഷം വിവിധ ജില്ലകളിലായി 10 ഉം മേഖലാടിസ്ഥാനത്തിലുമുള്ള അഞ്ച് പരിശീലന പരിപാടികൾ ലക്ഷ്യമിടുന്നു.





NORKA ROOTS, Norka Centre, Thycaud, Thiruvananthapuram,-695014 Phone 0471-2770500, 2332416, 2332452 fax: 0471-2326263 email: mail@norkaroots.org, www.norkaroots.org
Printed and published by CEO Norka Roots on behalf of Government of Kerala, No of copies 200, For free distribution September 2023